## പതിനാലാം കേരളനിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5772 | 28.03.2018-ൽ മറുപടിക്ക് |
|---|---|

## തൊണ്ടിവാഹനങ്ങൾ

| ചോദ്യം<br>ശ്രീ. പി.കെ. ശശി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | വിവിധ കേസ്സുകളിൽപ്പെട്ടും അപകടങ്ങളിൽപ്പെട്ടും മോഷണവുമായി ബന്ധപ്പെട്ടും ഓരോ പോലീസ് സ്റ്റേഷനുകളിലും തൊണ്ടിവാഹനങ്ങൾ കിടക്കുന്നത് ദേശീയ പാതകളിലുൾപ്പെടെ യാത്രാക്ലേശമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇവ സ്റ്റേഷനുകളിൽ കിടന്ന് നശിയ്ക്കുന്നത് ഒഴിവാക്കാനായി പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങളുടെ നിയമപരമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉടമസ്ഥന് വിട്ടുകൊടുക്കുവാനോ അല്ലാത്തവയ്ക്ക് ഒരു നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്ത് സർക്കാരിന് മുതൽക്കൂട്ടാനോ വേണ്ടുന്ന നടപടി സ്വീകരിയ്ക്കുമോ; | (ബി) | കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ കേസ്സുകളുടെ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ ലേലം ചെയ്ത് വിൽക്കുന്നതിന് തടസ്സമുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടിമുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.<br>കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ടുകെട്ടിയതുമായ വാഹനങ്ങൾ ബഹു. സംസ്ഥാന സർക്കാരിന്റെ 15.12.2014 തീയതിയിലെ 550/14/ഫിൻ |

| | | | |
|---|---|---|---|
| | | | നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡിന്റെ website മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ആയതിന് നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെങ്കിൽ അതോ സർക്കാർ ഉത്തരവ് മതിയെങ്കിൽ ആയതോ നടപ്പാക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യത്തിൽ ശാശ്വതപരിഹാരം ഉണ്ടാക്കുന്നതിനായി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ